പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3476 15/07/2015 ൽ മറുപടിക്ക്

## മുനമ്പം സർക്കാർ ആശുപത്രി

<table>
<tr><td colspan="2">ചോദ്യം<br><br>**ശ്രീ. എസ്.ശർമ്മ**</td><td colspan="2">ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ മുനമ്പം സർക്കാർ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി സ്വീകരിച്ച നടപടി വിശദീകരിക്കാമോ ;</td><td>(എ)</td><td>ബ്ലോക്ക് പഞ്ചായത്ത് മുഖേന പുതിയ സെപ്റ്റിക് ടാങ്ക്, ഭൂഗർഭ ജലസംഭരണി, വാർഡുകളിലേക്ക് കയറുവാൻ ഗോവണികൾ, നിലവിലുള്ള ചില കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ടൈൽസ് വിരിക്കൽ എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ആശുപത്രിയിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്ക് എത്ര വർഷത്തെ കാലപ്പഴക്കം ഉണ്ട് ;</td><td>(ബി)</td><td>പുതിയ ഒ.പി. ബ്ലോക്ക് സുനാമി ഫണ്ട് ഉപയോഗിച്ച് 2010 ഏപ്രിലിൽ പ്രവർത്തനം ആരംഭിച്ചു. പ്രധാന കെട്ടിടത്തിന് 75 വർഷത്തിനുമേലും, പുരുഷ വാർഡിന് 23 വർഷം, ശിശു വാർഡിന് 30 വർഷവും അടുക്കളയ്ക്ക് 35 വർഷവും കാലപ്പഴക്കമുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പണി കഴിപ്പിച്ചിട്ടുള്ള ഡോക്ടർമാരുടെ ക്വാർട്ടേഴ്സിന് 7 വർഷവും കാലപ്പഴക്കമുണ്ട്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് സൗകര്യം ഉണ്ടോ ; ഇതിന് പര്യാപ്തമാകുംവിധം ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിച്ചിട്ടുണ്ടോ ;</td><td>(സി)</td><td>സൗകര്യമുണ്ട്. 61 കിടക്കകളുള്ള ആശുപത്രിയിൽ താഴെപ്പറയുന്ന ജീവനക്കാരുടെ തസ്തികകൾ നിലവിലുണ്ട്.<br><table><tr><td>1</td><td>ഡോക്ടർ</td><td>2</td></tr><tr><td>2</td><td>ഹെഡ് നഴ്സ്</td><td>2</td></tr><tr><td>3</td><td>സ്റ്റാഫ് നഴ്സ്</td><td>8</td></tr><tr><td>4</td><td>ഫാർമസിസ്റ്റ്</td><td>1</td></tr><tr><td>5</td><td>നഴ്സിംഗ് അസിസ്റ്റന്റ്</td><td>6</td></tr><tr><td>6</td><td>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 1</td><td>1</td></tr><tr><td>7</td><td>ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് 2</td><td>5</td></tr><tr><td>8</td><td>പാർട്ട് ടൈം ക്ലീനർ</td><td>1</td></tr></table>കൂടുതൽ ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.</td></tr>
</table>

| | | | |
|---|---|---|---|
| (ഡി) | ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (ഡി) | ആശുപത്രിയുടെ പ്രവർത്തനം സുഗമമായി നടന്നുവരുന്നു. കൂടുതൽ പ്രവർത്തനത്തിനാവശ്യമായ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**